# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3942 31.01.2014- ൽ മറുപടിക്ക്

"സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായങ്ങളുടെ പുനരുദ്ധാരണം"

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) രോഗഗ്രസ്തമായ സൂക്ഷ്മ - ചെറുകിട - ഇടത്തരം ശ്രേണിയിലുള്ള വ്യവസായങ്ങളെ പുനരുദ്ധരിക്കാനുള്ള എസ്.യു.ആർ.പി. - എസ്.ഐ.സി.ഐ.സി. - യൂണിറ്റ് റിവൈവൽ പ്രോഗ്രാം വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ;<br><br>ബി) എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | എ) & ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ ഇടയിൽ ചില യൂണിറ്റുകളിൽ പ്രവർത്തന മന്ദത കണ്ടുവരുന്നുണ്ട്. ഇത്തരം പീഡിത സംരംഭങ്ങളെ പുന:രുദ്ധരിക്കുന്നതിന് ഒരു പദ്ധതി 25.08.2005-ലെ സ.ഉ (അച്ചടി) നം. 115/2005/വ്യവ. പ്രകാരം നിലവിലുണ്ട്. എന്നാൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ 01.11.2012-ൽ പീഡിത യൂണിറ്റുകളെ സംബന്ധിച്ച് പുതിയ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന് അനുസൃതമായി ഉത്തരവ് പരിഷ്കരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ